# आत्मनिर्भर भारत

## ഭാഗം -4: വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ

**16.05.2020**

सत्यमेव जयते

Government Of India



सत्यमेव जयते
Goverment Of India



# വികസനത്തിന്റെ പുതിയ ചക്രവാളങ്ങൾ

# നയപരമായ  പരിഷ്കരണങ്ങൾ - കൽക്കരി മേഖലയിൽ വാണിജ്യാടിസ്ഥാനത്തിൽ ഖനനം ആരംഭിക്കും

ബദൽ കൽക്കരി ഇറക്കുമതി കുറയ്ക്കുകയും കൽക്കരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത വർദ്ധിപ്പിക്കുകയും ചെയ്യണം.

കൽക്കരി മേഖലയിൽ മത്സരം, സുതാര്യത, സ്വകാര്യമേഖല പങ്കാളിത്തം എന്നിവ സർക്കാർ താഴെ പറയുന്ന മാർഗങ്ങളിലൂടെ അവതരിപ്പിക്കും:

- **നിശ്ചിത രൂപ / ടൺ എന്ന സംവിധാനത്തിനുപകരം വരുമാനം പങ്കിടൽ സംവിധാനം**
  - ഏതൊരാൾക്കും കൽക്കരി ബ്ലോക്കിനായി ലേലം വിളിച്ച് പൊതുവിപണിയിൽ വിൽക്കാൻ കഴിയും
- **പ്രവേശന മാനദണ്ഡങ്ങൾ ഉദാരവൽക്കരിക്കും**
  - ഏകദേശം 50 ബ്ലോക്കുകൾ ഉടനടി വാഗ്ദാനം ചെയ്യും.
  - യോഗ്യതാ വ്യവസ്ഥകളൊന്നുമില്ല;   മുൻകൂർ പണമൊടുക്കൽ മാത്രം.



# നയപരമായ  പരിഷ്കരണങ്ങൾ - കൽക്കരി മേഖലയിൽ വാണിജ്യാടിസ്ഥാനത്തിൽ ഖനനം ആരംഭിക്കും

- ഭാഗികമായി പര്യവേക്ഷണം നടന്ന ബ്ലോക്കുകളിൽ പര്യവേക്ഷണവും  ഖനനവും നടത്താൻ അനുമതി
- മുൻകാല നയത്തിൽ നിന്ന് വ്യത്യസ്തമായി ഭാഗികമായി പര്യവേക്ഷണം നടന്ന ബ്ലോക്കുകളിൽ ലേലം നടത്താൻ അനുമതി
- സ്വകാര്യ പങ്കാളിത്തം അനുവദിക്കും



# നയപരമായ പരിഷ്ക്കാരങ്ങൾ- കൽക്കരി മേഖലയിൽ വൈവിധ്യമാർന്ന അവസരങ്ങൾ

**വരുമാന വിഹിതത്തിൽ റിബേറ്റ് നൽകി കൽക്കരി വാതകരൂപത്തിലും ദ്രാവകരൂപത്തിലുമാക്കുന്നതിന് പ്രോത്സാഹനം നൽകും**

- കുറഞ്ഞ പാരിസ്ഥിതിക ആഘാതത്തിന് വഴിയൊരുക്കും
- വാതക അധിഷ്ഠിത സമ്പദ് വ്യവസ്ഥയായി മാറുന്നതിന് ഇന്ത്യയെ സഹായിക്കും

**50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനം**

- 2023-24 ഓടെ കോൾ ഇന്ത്യ ലിമിറ്റഡ് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്ന 1 ബില്യൺ ടൺ കൽക്കരി സ്വകാര്യ ബ്ലോക്കുകളിലെ ഖനനസ്ഥലത്ത് നിന്ന് ഒഴിപ്പിച്ചെടുക്കുന്നതിന്
- ഖനിയിൽ നിന്ന് റയിൽവേ സൈഡിങ്ങിലേക്ക് യന്ത്രവത്കൃത മാർഗത്തിൽ കൺവയൽ ബെൽറ്റിലൂടെ കോൾ നീക്കം ചെയ്യുന്ന സംവിധാനത്തിന് ആവശ്യമായ 18,000 കോടി രൂപ നിക്ഷേപവും ഇതിൽ ഉൽപ്പെടുന്നു
- ഈ നടപടിയും പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതാണ്



# നയ പരിഷ്കാരങ്ങൾ - കൽക്കരി മേഖലയിലെ ഉദാരവൽക്കരണ വ്യവസ്ഥ

- കൽക്കരി ബെഡ് മീഥെയ്ൻ (സിബിഎം) വേർതിരിച്ചെടുക്കുന്നതിനുള്ള അവകാശം കോൾ ഇന്ത്യ ലിമിറ്റഡിന്റെ (സിഐഎൽ) കൽക്കരി ഖനികളിൽ നിന്ന് ലേലം ചെയ്യും.
- ഖനനമേഖയിലെ പ്രവർത്തനങ്ങൾ ലഘൂകരിക്കുന്നതു പോലുള്ള വ്യവസായിക നടപടികൾ സ്വീകരിക്കും.
  - ഖനനപദ്ധതി ചുരുക്കി, ഓൺലൈനിൽ അവതരിപ്പിക്കുന്നതിന് അനുയോജ്യമാക്കി.
  - വാർഷിക ഉൽപാദനത്തിൽ 40% വർദ്ധനവ് അനുവദിക്കുന്നതിനായി
- സിഐഎല്ലിന്റെ ഉപഭോക്താക്കൾക്ക് വാണിജ്യപരമായി ഇളവുകൾ (5000 കോടി രൂപയുടെ ആശ്വാസം)
- വൈദ്യുതി ഇതര ഉപഭോക്താക്കൾക്കുള്ള ലേലത്തിലെ കരുതൽ ധനം കുറച്ചു; ക്രെഡിറ്റ് നിബന്ധനകൾ ലഘൂകരിച്ചു, കാലയളവ് വർദ്ധിപ്പിച്ചു.



# ധാതു മേഖലയിലെ സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കും

വളർച്ച, തൊഴിൽ എന്നിവ വർദ്ധിപ്പിക്കുന്നതിനും അത്യാധുനിക സാങ്കേതികവിദ്യ കൊണ്ടുവരുന്നതിനുമുള്ള ഘടനാപരമായ പരിഷ്കാരങ്ങൾ പ്രത്യേകിച്ചും ഇനി പറയുന്നവയിലൂടെ സജ്ജീകരിക്കും :

- തടസ്സമില്ലാത്ത സംയുക്ത പര്യവേക്ഷണ- ഖനന- നിർമാണ സംവിധാനത്തിനു തുടക്കം കുറിക്കും.

- തടസങ്ങളില്ലാത്തതും സുതാര്യവുമായ ലേല പ്രക്രിയയിലൂടെ 500 മൈനിംഗ് ബ്ലോക്കുകൾ.

- അലുമിനിയം വ്യവസായത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബോക്സൈറ്റ്, കൽക്കരി മിനറൽ ബ്ലോക്കുകളുടെ സംയുക്ത ലേലം അവതരിപ്പിക്കും. ഇത് അലുമിനിയം വ്യവസായത്തിന്റെ വൈദ്യുതി ചെലവ് കുറയ്ക്കും.



# ധാതു മേഖലയിലെ നയപരമായ പരിഷ്ക്കാരങ്ങൾ

- ക്യാപ്റ്റീവ് ഖനിയും നോൺ ക്യാപ്റ്റീവ് ഖനിയും തമ്മിലുള്ള വേർതിരിവ് നീക്കും. ഖനനത്തിനുള്ള ഉടമ്പടികൾ കൈമാറ്റം ചെയ്യാനും, അധികം വരുന്ന ഉപയോഗിക്കാത്ത ധാതുക്കൾ വിൽക്കുന്നതിനും ഖനനത്തിലും ഉത്പാദനത്തിലും കൂടുതൽ കാര്യക്ഷമത കൊണ്ടു വരുന്നതിനും ഇതിലൂടെ സാധിക്കും.

- വിവിധ ധാതുക്കൾക്കു വേണ്ടിയുള്ള ഒരു ധാതു സൂചിക വികസിപ്പിക്കുന്ന പ്രക്രിയയിലാണ് കേന്ദ്ര ഖനി മന്ത്രാലയം

- ഖനനത്തിനുള്ള ഉടമ്പടി നൽകുന്ന സമയത്ത് അടയ്ക്കേണ്ട സ്റ്റാംപ് ഡ്യൂട്ടി നീതിയുക്തമാക്കും.



# പ്രതിരോധ ഉൽപാദനത്തിൽ സ്വയംപര്യാപ്തത വർധിപ്പിക്കും

പ്രതിരോധ ഉൽപാദന രംഗത്ത് സ്വയം പര്യാപ്തതയ്ക്കായി 'മേക്ക് ഇൻ ഇന്ത്യ':

- വർഷം തോറും സമയബന്ധിതമായി ഇറക്കുമതി നിരോധിക്കുന്നതിനുള്ള ആയുധങ്ങളുടെ / പ്ലാറ്റ്ഫോമുകളുടെ ഒരു പട്ടിക ഒരുക്കും.
- ഇറക്കുമതി ചെയ്യേണ്ട വസ്തുക്കളുടെ സ്വദേശിവൽക്കരണം;
- ആഭ്യന്തര മൂലധന സംഭരണത്തിനായി ബജറ്റിൽ പ്രത്യേക വ്യവസ്ഥ
- പ്രതിരോധ ഇറക്കുമതി ബിൽ വലിയ തോതിൽ കുറയ്ക്കാൻ സഹായിക്കും

ഓർഡൻൻസ് ഫാക്ടറി ബോർഡിനു സ്വയംഭരണാധികാരം നൽകുക വഴി ഓർഡൻൻസ് വിതരണത്തിൽ സ്വയംഭരണവും ഉത്തരവാദിത്തവും കാര്യക്ഷമതയും മെച്ചപ്പെടുത്തും.



## നയപരമായ പരിഷ്ക്കാരങ്ങൾ- പ്രതിരോധ ഉത്പാദനം

- പ്രതിരോധ നിർമ്മാണത്തിലെ നേരിട്ടുള്ള വിദേശ നിക്ഷേപ പരിധി 49 ശതമാനത്തിൽ നിന്നും 74 ശതമാനമായി വർദ്ധിപ്പിക്കും.
- സമയ ബന്ധിതപ്രതിരോധ സംഭരണ പ്രക്രിയയും എളുപ്പത്തിലുള്ള തീരുമാനം എടുക്കലും സാധ്യമാക്കും.
- ഇതിനായി കരാർ നിർവഹണ സഹായങ്ങൾക്കായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും പരീക്ഷണ, പരിശോധനാ പ്രക്രിയ പരിഷ്ക്കരിക്കുകയും ചെയ്യും.







# വിമാനയാത്രാ ചെലവ് 1000 കോടി രൂപ കുറയ്ക്കും - വ്യോമമേഖല കാര്യക്ഷമമായി കൈകാര്യം ചെയ്യും

- ഇന്ത്യൻ വ്യോമമേഖലയുടെ 60 ശതമാനം മാത്രമാണ് ലഭ്യമായിട്ടുള്ളത്.
- വിമാനയാത്ര കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇന്ത്യയുടെ വ്യോമമേഖല ഉപയോഗിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ ലഘൂകരിക്കും.
- വ്യോമയാന മേഖലയ്ക്ക് പ്രതിവർഷം 1000 കോടി രൂപയുടെ ആനുകൂല്യം ലഭിക്കും.
- വ്യോമമേഖലയുടെ മെച്ചപ്പെട്ട ഉപയോഗം; ഇന്ധന ഉപയോഗവും യാത്രാസമയവും കുറയ്ക്കൽ
- പാരിസ്ഥിതിക ആഘാതം കുറയ്ക്കൽ



# പൊതുസ്വകാര്യ പങ്കാളിത്തത്തിലൂടെ കൂടുതൽ ലോകോത്തരമായ വിമാനത്താവളങ്ങൾ

- എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 3 വിമാനത്താവളങ്ങളെ പൊതുസ്വകാര്യ പങ്കാളിത്തത്തിലൂടെ നിയന്ത്രിക്കാനും പ്രവർത്തിപ്പിക്കാനും വികസിപ്പിക്കാനുമുള്ള അനുമതി ലേലത്തിലൂടെ നൽകി
- 6 വിമാനത്താവളങ്ങളുടെ വാർഷിക വരുമാനം ആദ്യ റൗണ്ടിൽ-1000 കോടി രൂപ. എഎഐക്ക് 2300 കോടി രൂപയുടെ ഡൗൺ പേയ്മെന്റും ലഭിക്കും.
- രണ്ടാം റൗണ്ടിലേക്കായി 6 വിമാനത്താവളങ്ങളെ കൂടി കണ്ടെത്തിയിട്ടുണ്ട്. ലേല നടപടി ഉടൻ ആരംഭിക്കും.
- ഒന്നും രണ്ടും റൗണ്ടുകളിൽ 12 വിമാനത്താവളങ്ങളിലായി സ്വകാര്യ കമ്പനികൾ അധികമായി 13,000 കോടി രൂപ നിക്ഷേപിക്കും.
- മൂന്നാം റൗണ്ട് ലേലത്തിനായി മറ്റ് 6 വിമാനത്താവളങ്ങളെ കൂടി ഉൾപ്പെടുത്തും.



## വിമാന അറ്റകുറ്റപ്പണി, കേടുപാടു തീർക്കൽ, പരിശോധന (എംആർഒ) എന്നിവയുടെ ആഗോള കേന്ദ്രമായി ഇന്ത്യ മാറും

- എംആർഒ സംവിധാനത്തിനുള്ള നികുതി വ്യവസ്ഥ യുക്തിസഹമാക്കി.
- വിമാന ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും എയർ ഫ്രെയിം അറ്റകുറ്റപ്പണികളും മൂന്ന് വർഷത്തിനുള്ളിൽ 800 കോടിയിൽ നിന്ന് 2000 കോടി രൂപയായി ഉയരും.
- ലോകത്തിലെ പ്രമുഖ എൻജിൻ നിർമ്മാതാക്കൾ വരും വർഷത്തിൽ ഇന്ത്യയിൽ എൻജിൻ സർവീസ് കേന്ദ്രങ്ങൾ ആരംഭിക്കും.
- പ്രതിരോധ മേഖലയ്ക്കും സിവിൽ എംആർഒകൾക്കും യോജിച്ച സമ്പദ്വ്യവസ്ഥ
- വ്യോമയാന കമ്പനികളുടെ പരിപാലനച്ചെലവ് കുറയും.



# താരിഫ് നയ പരിഷ്ക്കരണം

താഴെ പറയുന്ന പരിഷ്ക്കാരങ്ങൾ ഉൾക്കൊള്ളിച്ചുള്ള താരിഫ് നയം പുറത്തിറക്കും

എ. ) ഉപഭോക്തൃ അവകാശങ്ങൾ

- വിതരണ കമ്പനികളുടെ കാര്യപ്രാപ്തിയില്ലായ്മ ഉപഭോക്താക്കൾക്ക് ഭാരമാകാൻ പാടില്ല
- വിതരണം കമ്പനികൾക്ക് സേവന നിലവാരങ്ങളും അനുബന്ധ പിഴയും
- വിതരണ കമ്പനികൾ ആവശ്യത്തിന് വൈദ്യുതി ഉറപ്പാക്കണം, ലോഡ് ഷെഡ്ഡിങ്ങിന് പിഴയീടാക്കും

ബി.) വ്യവസായ പ്രോത്സാഹനം

- ക്രോസ് സബ്സിഡികളിൽ പടിപടിയായി കുറവ്
- ഓപ്പൺ ആക്സസ് സമയബന്ധിതമായി നൽകും
- ഉത്പാദന, പ്രസാരണ പദ്ധതി ഡവലപ്പേഴ്സിനെ മത്സരസ്വഭാവത്തോടെ തിരഞ്ഞെടുക്കും

സി. )മേഖലയുടെ സുസ്ഥിരത

- റെഗുലേറ്ററി അസറ്റുകൾ പാടില്ല
- ഉത്പാദന കമ്പനികൾക്ക് സമയത്ത് പേയ്മെന്റ്
- സബ്സിഡിക്ക് നേരിട്ടുള്ള പണക്കൈമാറ്റം, സ്മാർട്ട് പ്രീപെയ്ഡ് മീറ്ററുകൾ



# കേന്ദ്രഭരണ പ്രദേശങ്ങളിലെ വൈദ്യുതി വിതരണത്തിന്റെ സ്വകാര്യവൽക്കരണം

- കേന്ദ്രഭരണ പ്രദേശങ്ങളിലെ വൈദ്യുതി വകുപ്പുകൾ / പ്രവർത്തനങ്ങൾ എന്നിവ സ്വകാര്യവൽക്കരിക്കും
- ഉപയോക്താക്കൾക്ക് മികച്ച സേവനവും വിതരണത്തിലെ പ്രവർത്തന-സാമ്പത്തിക കാര്യക്ഷമതയും ഉറപ്പാക്കും
- രാജ്യത്തുടനീളമുള്ള മറ്റ് പ്രവർത്തനങ്ങൾക്ക് അനുകരണീയമായ ഒരു മാതൃക ഒരുക്കും.



## സാമൂഹിക അടിസ്ഥാന സൗകര്യങ്ങളിൽ പുതുക്കിയ വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് സ്കീം വഴി സ്വകാര്യ നിക്ഷേപം വർദ്ധിപ്പിക്കും- 8100 കോടി രൂപ

മോശം വയബിലിറ്റിയാണ് പല സാമൂഹിക അടിസ്ഥാന സൗകര്യ പദ്ധതികളുടെയും പ്രശ്നം

- പദ്ധതി ചെലവിന്റെ 30 ശതമാനം വരെ കേന്ദ്ര, സംസ്ഥാന വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങിലൂടെ ഗവൺമെന്റ് നൽകും.
- മറ്റ് മേഖലകളിൽ 20 ശതമാനത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിങ്ങ് സഹായം തുടരും.
- ആകെ പദ്ധതി അടങ്കൽ 8100 കോടി രൂപ
- കേന്ദ്ര മന്ത്രാലയങ്ങളോ, സംസ്ഥാന ഗവൺമെന്റോ ചട്ടപ്രകാരമുള്ള സ്ഥാപനങ്ങളോ പദ്ധതികൾ ശുപാർശ ചെയ്യണം.



# ബഹിരാകാശ പ്രവർത്തനങ്ങളിൽ സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കും

ഇന്ത്യയുടെ ബഹിരാകാശ മേഖലാ പ്രവർത്തനങ്ങളിൽ ഇന്ത്യയിലെ സ്വകാര്യ മേഖലയെ സഹകരിപ്പിക്കും

- ഉപഗ്രഹങ്ങൾ, വിക്ഷേപണങ്ങൾ, ബഹിരാകാശ അധിഷ്ഠിത സേവനങ്ങൾ എന്നിവയിൽ സ്വകാര്യ കമ്പനികൾക്ക് പ്രത്യേക ഇടം നൽകും.
- സ്വകാര്യമേഖലയ്ക്ക് പ്രത്യേക നയവും കാര്യനിർവഹണാന്തരീക്ഷവും
- സ്വകാര്യമേഖലയ്ക്ക് അവരുടെ ശേഷി മെച്ചപ്പെടുത്തുന്നതിന് ഐഎസ്ആർഒ പ്രസക്തമായ മറ്റിടങ്ങളും ഉപയോഗിക്കാൻ അനുവദിക്കും.
- ഗ്രഹ പര്യവേക്ഷണം, ബഹിരാകാശ യാത്ര തുടങ്ങിയവയ്ക്കുള്ള ഭാവി പദ്ധതികൾ സ്വകാര്യമേഖലയ്ക്കായി തുറക്കും.
- സാങ്കേതിക സംരംഭകർക്ക് റിമോട്ട് സെൻസിംഗ് ഡാറ്റ നൽകുന്നതിനുള്ള ലിബറൽ ജിയോ-സ്പേഷ്യൽ ഡാറ്റ നയം



# ആണവോർജ്ജവുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ

മെഡിക്കൽ ഐസോടോപ്പുകളുടെ ഉത്പാദനത്തിന് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ റിസർച്ച് റിയാക്ടർ സ്ഥാപിക്കും. കാൻസർ പോലുള്ള രോഗങ്ങൾക്ക് ചെലവ് കുറഞ്ഞ ചികിത്സ ഇത് സാധ്യമാക്കും.

ഭക്ഷണം കേടു കൂടാതെ സൂക്ഷിക്കുന്നതിന് വികിരണ സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന സംവിധാനം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കും.

ഇന്ത്യയുടെ കരുത്തുറ്റ സ്റ്റാർട്ട് അപ്പ് വ്യവസ്ഥയെ ആണവ രംഗവുമായി ബന്ധിപ്പിക്കും. ഗവേഷണ സംവിധാനങ്ങളും സാങ്കേതിക സംരംഭകരും തമ്മിലുള്ള കൂട്ടായ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് ടെക്നോളജി ഡവലപ്മെന്റ് കം ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കും.





सत्यमेव जयते
Goverment Of India

നന്ദി